# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1790** **16/06/2014-ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | കായംകുളം മണ്ഡലത്തിലെ തീരദേശറോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | 2013 ഏപ്രിൽ മുതൽ മോർഡ് (മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്മെന്റ്) സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇത് പ്രകാരം ടെണ്ടർ ക്ഷണിച്ചപ്പോൾ കരാറുകാർ ടെണ്ടർ ബഹിഷ്കരിച്ചിരിക്കുന്നു. തുടർന്ന് കരാറുകാരുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്നു നടത്തിയ ചില ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കുകയുണ്ടായി. കരാറുകാർ പങ്കെടുക്കാത്ത ടെണ്ടറുകൾ പുനർദർഘാസ് ക്ഷണിച്ചു കൊണ്ടിരിക്കുകയാണ്. തന്മൂലമാണ് പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | 2010-2011, 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ യാണെന്നും, ഓരോ പ്രവൃത്തി കളുടെയും നിലവിലുള്ള അവസ്ഥയും വിശദമാക്കാമോ? | (സി) | 2010-2011, 2012-2013 സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധമായി ചേർക്കുന്നു. 2011-12 വർഷത്തിൽ ഭരണാനുമതിയൊന്നും നൽകിയില്ല. |

സെക്ഷൻ ആഫീസർ

## അനുബന്ധം

## കായംകുളം മണ്ഡലത്തിലെ തീരദേശറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

| | | |
|---|---|---|
| | 2010–11 | |
| 1 | വൃന്ദാവനം ജംഗ്ഷൻ മുതൽ കടത്ത്കടവ് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കൃഷ്ണപുരം പഞ്ചായത്തിലെ കിളളിക്കൽ മുക്ക് മണക്കാട് മുക്ക് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കിളളിക്കൽ മുക്ക് മുഴങ്ങോലിക്കാട് റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | പുല്ലുകുളങ്ങര തീയേറ്റർ ജംഗ്ഷൻ മണിവേലിക്കടവ് റോഡ്- കണ്ടല്ലൂർ പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ചു. |
| | 2012–13 | |
| 1 | ആറാട്ടുകുളങ്ങര കണ്ണമംഗലം റോഡ് പത്തിയൂർ പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മുട്ടത്ത്മണ്ണേൽ ഫിഷ്ലാന്റിംഗ് സെന്ററിന് അപ്രോച്ച് റോഡ്- ദേവികുളങ്ങര പഞ്ചായത്ത് | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | എൻ.എച്ച്. പളളിമുക്ക് മുതൽ ശീലാന്തറ പാലം തെക്കൻകാവ് റോഡ് – കൃഷ്ണപുരം പഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | പിളേളരുകട മൂലശ്ശേരി ടെമ്പിൾ റോഡ് | പ്രവൃത്തി പൂർത്തീകരിച്ചു. |

### മറ്റു പ്രവൃത്തികൾ

| | | |
|---|---|---|
| | 2012 | |
| 1 | NABARD ( RIDF-XV) ധനസഹായത്തോടെ നടപ്പിലാക്കുന്ന മുട്ടത്തുമണ്ണേൽ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| | 2013 | |
| 2 | NABARD ( RIDF-XIX) ധനസഹായത്തോടെ നടപ്പിലാക്കുന്ന റ്റി.എം. ചിറ പാലത്തിന്റെ നിർമ്മാണം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ സ്ഥലം കൈമാറികിട്ടാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

T3